LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്. നിലവിലുള്ള പഠനകേന്ദ്രങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ പുരോഗമിക്കുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഇന്ററാക്ടീവ് പുസ്തകങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി പുസ്തകം പ്രസിദ്ധീകരിക്കുന്നതിനായി ചിത്രകാരന്മാരുടെയും ഡിസൈനർമാരുടെയും വർക്ഷോപ് സംഘടിപ്പിച്ചിട്ടുണ്ട്. 10 പുസ്തകങ്ങളുടെ ഡിസൈൻ ജോലി പൂർത്തിയാക്കി ഫൈനൽ പ്രിന്റിംഗിന് തയ്യാറാക്കിയിട്ടുണ്ട്. അംബേദ്കർ ചെയർ ആരംഭിക്കുന്നതിനായി അംബേദ്കർ ഫൗണ്ടേഷൻ ഫണ്ട് ലഭ്യമാക്കുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ ഗ്രന്ഥ സൂചി 1996-2000 വർഷങ്ങളിലെ വിവരങ്ങളടങ്ങിയ പുതിയ വോള്യം പ്രകാശനത്തിന് തയ്യാറാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര കാവ്യോത്സവത്തിന് രൂപരേഖ തയ്യാറാക്കാൻ നിർവ്വാഹക സമിതിയംഗത്തെ അക്കാദമി ചുമതല പ്പെടുത്തിയിട്ടുണ്ട്. പുരാരേഖ വകുപ്പിന്റെകീഴിലുള്ള വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സമര മെമ്മോറിയൽ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. പുരാവസ്തു വകുപ്പിന്റെ കീഴിൽ എറണാകുളം, തൃശ്ശൂർ, വയനാട്, തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലാതല മ്യൂസിയങ്ങളുടെ നിർമ്മാണ പദ്ധതികളും കേന്ദ്രസഹായത്തോടെ നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം എന്നിവയുടെ നവീകരണ പദ്ധതികളും പുരോഗമിച്ചുവരുന്നുണ്ട്.

**സർക്കാർ പരസ്യങ്ങളിൽ മന്ത്രിമാരുടെ ചിത്രങ്ങൾ - സുപ്രീംകോടതി വിധി**

**79 (T 1447)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പരസ്യങ്ങളിൽ മുഖ്യമന്ത്രി, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ചിത്രങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിധി വന്നതിനുശേഷം സംസ്ഥാന സർക്കാരിന്റെ ചെലവിൽ നല്കിയ ഏതെങ്കിലും പരസ്യത്തിൽ മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ രാഷ്ട്രീയ നേതാക്കളുടെയോ ഉദ്യോഗസ്ഥരുടെയോ ചിത്രം ഉപയോഗിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഉണ്ട്.

(ബി) പി.ആർ.ഡി.-യിൽ നിന്നും നൽകിയിട്ടില്ല.

(സി) സുപ്രീംകോടതി വിധിയിലെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ച കൊണ്ടാണ് പരസ്യങ്ങൾ നൽകിവരുന്നത്.

**വികസന സമന്വയം - ടാബ്ലോയ്ഡ് പ്രസിദ്ധീകരണം**

**80 (1448)** ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവര-പൊതുജന സമ്പർക്ക വകുപ്പ് വികസന സമന്വയം എന്ന പേരിൽ ടാബ്ലോയ്ഡ് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ആയതിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകാമോ ;

(സി) ആയതിന്റെ പ്രസിദ്ധീകരണ ചുമതല ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത് ; അവരെ ഏർപ്പെടുത്തിയ രീതി വിശദമാക്കാമോ ;

(ഡി) വികസനസമന്വയത്തിന്റെ പ്രസിദ്ധീകരണച്ചെലവിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ ; എങ്കിൽ ആയത് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവര-പൊതുജന സമ്പർക്ക വകുപ്പ് നേരത്തെ പ്രസിദ്ധീകരിച്ചിരുന്ന വികസന സമന്വയം എന്ന ന്യൂസ് ലെറ്ററാണ് ഇപ്പോൾ ടാബ്ലോയ്ഡായി പുറത്തിറക്കുന്നത്. 16 പേജുള്ള ബഹുവർണ്ണ അച്ചടിയിലാണ് ഇത് പ്രസിദ്ധീകരിക്കുന്നത്.

(സി) ടാബ്ലോയ്ഡായി പ്രസിദ്ധീകരിച്ച വികസന സമന്വയത്തിന്റെ ആദ്യലക്കം പരീക്ഷണാർത്ഥമായിരുന്നു. വകുപ്പിന്റെ മീഡിയാ ലിസ്റ്റിൽ 'സി', 'ഡി' കാറ്റഗറി

LIBRARY ARCHIVES Kerala Legislative Assembly